# സംഗീതം: ഇസ്‌ലാമിക വിധി

[حكم استماع الأغاني و الموسيقى]


**അബൂ അഫീഫ് സലഫി**

**ഖഫ്ജി ദഅ്‌വ സെന്റർ, സഊദി അറേബ്യ**

الإعداد: ابو أفيف سلفى



المكتب التعاوني للدعوة وتوعية الجاليات بالربوة

**Islamic Propagation Office in Rabwah**

P.O.Box 29465 RIYADH 11457 – TEL 4454900 – 4916065
FAX: 4970126 - E-Mail: rabwah@islamhouse.com
http://www.islamhouse.com

**Web Edition by:**

**2012 - 1433**

IslamHouse.com

بِسْمِ اللهِ الرَّحْمَـٰنِ الرَّحِيم

ഇത് മ്യൂസിക്കുകളുടെ ലോകമാണ്. കുളിമുറി മുതൽ ആരംഭിക്കുന്നു അതിന്റെ ജ്വരം. ഐ.ടി വിപ്ലവം അതിന്റെ പാരമ്മ്യത്തിലെത്തിയിരിക്കുന്നു. അന്ത്യനാളിന്റെ അന്ത്യശാസനവും വിശുദ്ധഖുർആനിൽ നമുക്ക് കാണാം. ഈ പൈശാചികമായ മ്യൂസിക് ലഹരി ഇന്നും ഇന്നലെയും തുടങ്ങിയതല്ല; ജാഹിലിയ്യാ കാലഘട്ടങ്ങളിലും അതിന്റെ വക്താക്കൾ ഇതുമായി വിലസിയിരുന്നു.ചിലർക്ക് പണ്ടുമുതലേ ഇത് അവരുടെ മതാചാരങ്ങളുടെയും വിശ്വാസത്തിന്റെയും ഭാഗമാണ്. എന്നാൽ ഇസ്ലാം വിശ്വാസികളോട് ഇങ്ങനെയാണ് അല്ലാഹു പറയുന്നത്: 'ദൈവമാർഗത്തിൽ നിന്ന് ജനങ്ങളെ തെറ്റിച്ചു കളയുവാനും അതിനെ പരിഹാസ്യമാക്കി തീർക്കാനും വേണ്ടി വിനോദ വാർത്തകൾ വിലക്ക് വാങ്ങുന്ന ചിലർ മനുഷ്യരുടെ കൂട്ടത്തിലുണ്ട്...'(സൂറത്ത്: ലുഖ്മാൻ)

ഈ സൂക്തത്തിൽ പരാമർശിച്ച 'വിനോദ വാർത്തകൾ'കൊണ്ടുള്ള വിവക്ഷ സംഗീതമാണെന്നു ഇബ്നു മസ്ഊദ്(ﷺ) പ്രത്യേകം പറയാറുണ്ടായിരുന്നുവെന്നു പ്രാമാണികരായ മുൻകാല മുഫസ്സിറുകളുടെ വ്യാഖ്യാനങ്ങളിൽ കാണാം. ഒരു നബിവചനം കാണുക: 'വ്യഭിചാരവും പട്ടു വസ്ത്രവും മദ്യവും സംഗീതവും അനുവദനീയമായിക്കാണുന്ന ഒരു വിഭാഗം എന്റെ സമുദായത്തിൽ ഉണ്ടാകുക തന്നെ ചെയ്യും ! '(ബുഖാരി) മറ്റൊരു നബി വചനവും കൂടി വായിക്കുക: 'ഈ സമൂഹത്തിൽ ഭൂകമ്പവും ചരൽ വർഷവും കോലം മാറ്റലും ശിക്ഷയെന്നോണം വന്നുഭവിക്കും! അവർ മദ്യമുപയോഗിക്കുകയും നർത്തകിമാരെ സ്വീകരിക്കുകയും സംഗീതോപകരണങ്ങൾ ഉപയോഗിക്കുകയും ചെയ്താൽ.'(തിർമുദി)

ഇമാം അഹമദ്(ﷺ) പോലെയുള്ള മഹാന്മാരും പ്രാമാണികരായ മുഫസ്സിറുകളും വിനോദത്തിന് ഉപയോഗിക്കുന്ന ഉപകരണങ്ങൾ നിഷിദ്ധമെന്നു പ്രസ്താവിച്ചിരിക്കുന്നു! ആധുനിക വാദ്യോപകണങ്ങളും ഇനി ഭാവിയിൽ കണ്ടുപിടിക്കുന്നവയും നബി(ﷺ)യുടെ പ്രസ്തുത ഹദീസിന്റെ പരിധിയിൽ പെടുമെന്നും നമുക്ക് മനസിലാക്കാം. കാരണം ശ്രോദ്ധാക്കളിൽ ഉന്മാദവും ഉല്ലാസവും ഉണ്ടാക്കുന്നതിൽ അവ ഒട്ടും പിന്നിലല്ല. ദൈവീക സ്മരണയിൽ നിന്നും തഖ്വയിൽ നിന്നും മനു

ഷ്യരെ അശ്രദ്ധമാക്കുന്നതിൽ ഈ വക മ്യൂസിക്കുകളും സംഗീത സദസ്സുകളും നൽകുന്ന പ്രേരണ കുറച്ചൊന്നുമല്ല! അതുകൊണ്ടൊക്കെത്തന്നെയാണ് ഇന്നത്തെ ഗാനമേളകളും മ്യൂസിക്കുകളും റിയാലിറ്റി ഷോകളും വ്യഭിചാരത്തിലേക്കുള്ള കവാടമാണെന്നും അത് മനസ്സിൽ കാപട്യം വളർത്തുമെന്നും പൗരാണിക, ആധുനിക പണ്ഡിത ശ്രേഷ്ഠർ നേരെത്തെ വായിച്ച പ്രമാണങ്ങളുദ്ധരിച്ചു വിശദീകരിച്ചത്? മൊത്തത്തിൽ ഇക്കാലത്തെ ഇൻഫർമേഷൻ ടെക്നോളജി നമുക്ക് തരുന്ന മൊബൈൽ മ്യൂസിക്കുകളും മറ്റു സംഗീതാനന്ദ ലോകവും വലിയ കുഴപ്പം തന്നെയാണ് അവ ന്യായീകരിച്ചു ഹലാലാക്കി ചിലരുണ്ടാക്കുന്ന ഫിത്നയോ അതിനേക്കാൾ വലിയ കുഴപ്പവും! സ്വന്തം താൽപര്യങ്ങൾക്ക് വേണ്ടി മേലുദ്ധരിച്ച ഖുർആനിക വചനങ്ങളെ അവരവരുടെ പരിമിതമായ ബുദ്ധികൊണ്ടുമാത്രം വ്യാഖ്യാനിച്ചൊപ്പിക്കുന്ന,പ്രാമാണികരായ സലഫുകളുടെ തികച്ചും പ്രമാണങ്ങൾ കൊണ്ടുള്ള വ്യാഖ്യാനങ്ങളെ അട്ടിമറിക്കുന്ന നൂതന വ്യാഖ്യാതാക്കളെ വിശ്വാസികൾ തിരിച്ചറിയുവാൻ വൈകിക്കൂടാ.

പ്രിയ സഹോദരാ, സഹോദരീ.... ഈ പൈശാചികത നിറഞ്ഞ സംഗീതാരാധന കയ്യൊഴിക്കാൻ അൽപമല്ലാത്ത ഈമാനിക മനക്കരുത്ത് ആർജിക്കുക തന്നെ വേണം. അന്ധമായ മദ്ഹബ്, സംഘടനാ, നേതൃത്വ പക്ഷപാതിത്വം മാറ്റിവെച്ചുകൊണ്ട് ഖുർആനിനും സുന്നത്തുമാകുന്ന പ്രമാണങ്ങളോടായിരിക്കട്ടെ നമ്മുടെ കൂറ്. അല്ലാഹു നമ്മെയെല്ലാവരെയും അവനു നന്നായി ഇബാദത്തെടുക്കുന്ന തഖ്‌വയുള്ള സജ്ജനങ്ങളിലുൾപ്പെടുത്തട്ടെ, ആമീൻ.

وَصَلَّى اللهُ وَسَلَّم عَلَى نَبِيِّنَا مُحَمَّدٍ وَعَلَى آلِهِ وَصَحْبِهِ أجْمَعِين .

*********